LIBRARY ARCHIVES Kerala Legislative Assembly

കായംകുളം എം.എൽ.എ.യുടെ നിവേദനം

53 (987) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കായംകുളം എം.എൽ.എ.-യുടെ നിവേദന പ്രകാരം ഇതിനകം അനുവദിച്ച ചികിത്സാ ദുരിതാശ്വാസനിധി ആകെ എന്തു തുക വരുമെന്ന് അറിയിക്കുമോ ; എത്ര പേർക്കാണ് ഇത് അനുവദിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്നും ആകെ അനുവദിച്ചതുക എത്രയെന്ന് അറിയിക്കുമോ ; എത്ര പേർക്കാണ് സംസ്ഥാനത്ത് ഇതുവരെ ധനസഹായം അനുവദിച്ചത് ;

(സി) കായംകുളം എം.എൽ.എ. നല്കിയ എത്ര അപേക്ഷകൾ ഇനി പരിഗണിക്കാനുണ്ട് ; എത്ര അപേക്ഷകൾ ഇതിനകം നിരസിക്കപ്പെട്ടിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എം. എൽ. എ മാർ മുഖേന അനുവദിക്കുന്ന കേസുകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ ചോദ്യത്തിന് മറുപടി നൽകാൻ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 49,005 പേർക്കായി 11,16,52,935 രൂപ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിൽ ആലപ്പുഴ ജില്ലയിലെ 4437 പേർക്ക് 77,29,648 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) (എ) ചോദ്യത്തിന്റെ മറുപടി പ്രകാരം ഇതിന് മറുപടി നൽകാൻ ബുദ്ധിമുട്ടുണ്ട്.

ജയകുമാറിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം

54 (988) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ആഗസ്റ്റ് 13-ന് എലിപ്പനിമൂലം മരണപ്പെട്ട നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പറവൂർ പഞ്ചായത്തിൽ നെല്ലിക്കുന്ന് ജയകുമാർ സദനത്തിൽ ജയകുമാറിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നല്കണമെന്നപേക്ഷിച്ചുകൊണ്ട് പിതാവ് ശ്രീ.എൻ. മാധവൻപിള്ള ജില്ലാ കളക്ടർ വഴി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എന്നാണ് അപേക്ഷ നൽകിയത് ;

(സി) ഇതു സംബന്ധിച്ച അന്വേഷണ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഈ അപേക്ഷ പ്രകാരം എന്നത്തേയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കാൻ കഴിയുമെന്ന് പറയുമോ ?

ഉത്തരം

(എ-ഡി) ഉണ്ട്. എലിപ്പനിമൂലം മരണപ്പെട്ട നെല്ലിക്കുന്ന് ജയകുമാർ സദനത്തിൽ ജയകുമാറിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നല്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പിതാവ് ശ്രീ. എൻ. മാധവൻപിള്ള 18-10-2000-ൽ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽമേലുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ച് ധനസഹായം നൽകുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

നഷ്ടപരിഹാരത്തുക

55 (989) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വസ്തുവകകൾ നശിപ്പിച്ചതിന്റെ പേരിൽ എന്തുതുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ നാശനഷ്ടമുണ്ടാക്കിയതിന്റെ പേരിൽ എന്തുതുക നഷ്ടപരിഹാരമായി നല്കി ;

(സി) ഏതു രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണ് നാശനഷ്ടമുണ്ടാക്കിയത് ;

(ഡി) കണ്ണൂർ ജില്ലയിൽ നാശനഷ്ടമുണ്ടാക്കിയതിന്റെ പേരിൽ എന്തുതുക വീതം നഷ്ടപരിഹാരം നൽകി ;

(ഇ) നഷ്ടപരിഹാരം ലഭിച്ച ഓരോരുത്തരുടെയും പേരും ഓരോരുത്തർക്കും കിട്ടിയ തുകയും ഓരോരുത്തരും ഏതു രാഷ്ട്രീയ കക്ഷിയിൽപ്പെടുന്നുവെന്നും വിശദമാക്കുമോ ;

(എഫ്) നാദാപുരത്ത് നാശനഷ്ടം വന്നവർക്ക് ഓരോരുത്തർക്കും എന്തുതുക വീതം നഷ്ടപരിഹാരമായി നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ഉണ്ടായ നാശനഷ്ടത്തിന് 1.72 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ജില്ലാ കളക്ടർ ആശുപത്രി അധികാരികൾക്ക് നഷ്ടപരിഹാരമായി നൽകി.

(സി) കേസ് അന്വേഷണത്തിലാണ്.

(ഡി) കണ്ണൂർ ജില്ലയിലുണ്ടായ അക്രമസംഭവങ്ങളിൽ നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരമായി 44,80,672 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചു. ഇതിൽ 35,35,108 രൂപ 38 പേർക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly